(ബി) പരവൂർ പോലീസ് സ്റ്റേഷനിൽ സി. ആർ പി. സി. വകുപ്പ് 174 പ്രകാരം ക്രൈം 354/04 നമ്പരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ടി കേസ് 25-1-2005-ലെ ഡി5/112393/04 നമ്പർ ഉത്തരവ് പ്രകാരം ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുണ്ട്.

ബേവിഞ്ച അബ്ദുറഹിമാൻ കൊലപാതകം

45 [819] ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോട്ടെ ബേവിഞ്ച അബ്ദു റഹിമാൻ കൊല ചെയ്യപ്പെട്ടിട്ട് എത്ര വർഷമായെന്നും അതു സംബന്ധമായ കേസ് ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ ;

(ബി) കേസ് അന്വേഷണം ഏത് ഏജൻസിയാണ് നടത്തുന്നതെന്നും അന്വേഷണം ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ ;

(സി) അന്വേഷണം സി. ബി. ഐ.-യെ ഏൽപ്പിക്കുവാൻ സർക്കാർ തയ്യാറാകുമോ ;

(ഡി) ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും എന്നത്തേക്ക് സി. ബി. ഐ.-യെ ഏൽപ്പിക്കുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2 വർഷവും നാല് മാസവും. കേസ് അന്വേഷണാവസ്ഥയിലാണ്.

(ബി) ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിവരുന്നു.

(സി, ഡി) കേസന്വേഷണം സി. ബി. ഐ.-യെ ഏൽപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 12-10-2004-ൽ തന്നെ കേന്ദ്ര സർക്കാരിനെഴുതുകയും 22-1-2005-ൽ ഈ കേസ് സി.ബി.ഐ. ഏറ്റെടുത്തിട്ടുണ്ടോ എന്നറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്. നാളിതുവരെയും കേന്ദ്ര സർക്കാരിൽനിന്നും ഇതു സംബന്ധിച്ച് മറുപടി ലഭിച്ചിട്ടില്ല.

കേസിന്റെ ചാർജ്ജ് ഷീറ്റ് നൽകുന്നതിലെ കാലതാമസം

46 [820] ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ കഴക്കൂട്ടം പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 174/03 എന്ന കേസ്സിന്റെ ചാർജ്ജ് ഷീറ്റ് നൽകിയിട്ടുണ്ടോ ;

(ബി) ചാർജ്ജ് ഷീറ്റ് നൽകുന്നതിനുള്ള കാലതാമസം എന്തുകൊണ്ടാണ് ;

(സി) ഈ കേസിൽ ഉൾപ്പെട്ട വാഹനം കണ്ടെടുത്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വാഹനം ഇപ്പോൾ ആരുടെ കൈവശമാണെന്നും ഇത് സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) കഴക്കൂട്ടം പോലീസ് സ്റ്റേഷൻ ക്രൈം 174/03-ാം നമ്പർ കേസിലേക്ക് ഹേതുവായ എം. എച്ച്. 01ആർ.1956-ാം നമ്പർ കാറിനെ സംബന്ധിച്ച ഒരു കേസ് ബഹു. ആറ്റിങ്ങൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുൻപാകെ സി. സി. 868/03 നമ്പരായി വിചാരണയിൽ ഇരിക്കുന്നതിനാലാണ് ടി കേസിന്റെ ചാർജ്ജ് ഷീറ്റ് നൽകുവാൻ കാലതാമസം നേരിട്ടത്.

(സി) ഇല്ല.

(ഡി) ഇത് സംബന്ധിച്ച കേസിലെ എതിർകക്ഷിയായ ബനിൽഡസ് ഗോമസ്, സൺ ഓഫ് ഹാരി ഗോമസ്, ഡോറസ് കോട്ടേജ്, മുണ്ടയ്ക്കൽ, മുരുക്കുംപുഴ എന്നയാളിന്റെ കൈവശമാണ്. ടി വാഹനത്തിന്റെ ഒറിജിനൽ ആർ. സി. ബുക്ക്, ഒറിജിനൽ ടാക്സ് സർട്ടിഫിക്കറ്റ്, 28-12-2004-ലെ സെയിൽ എഗ്രിമെന്റ് എന്നിവ സി. സി. 868/03-ാം നമ്പർ കേസിലേക്ക് ആറ്റിങ്ങൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി-2 മുൻപാകെ ടി ബനിൽഡസ് ഗോമസ് ഹാജരാക്കിയിരിക്കുകയാണ്.

കഴക്കൂട്ടം പോലീസ് സ്റ്റേഷനിലെ കേസ്

47 [821] ശ്രീ. കെ. മോഹൻ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴക്കൂട്ടം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യപ്പെട്ട ക്രൈം നമ്പർ 174/03 എന്ന കേസ്സിന്റെ ചാർജ്ജ് ഷീറ്റ് നൽകിയിട്ടുണ്ടോ ;

(ബി) കേസിൽ ഉൾപ്പെട്ട വാഹനം കണ്ടെടുത്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) കേസിൽ എന്നേക്ക് ചാർജ്ജ് ഷീറ്റ് നൽകുവാൻ കഴിയുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) കഴക്കൂട്ടം പോലീസ് സ്റ്റേഷൻ ക്രൈം 174/03 സെക്ഷൻ 420 ആന്റ് 34 ഐ. പി. സി. പ്രകാരമുള്ള കേസിലേക്ക് ഹേതുവായ എം. എച്ച്. 01 ആർ. 1956-ാം നമ്പർ കാറിനെ സംബന്ധിച്ച ഒരു കേസ് സി സി 868/03-ാം നമ്പരായി ബഹു. ആറ്റിങ്ങൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി-2 മുൻപാകെ വിചാരണയിൽ

LIBRARY ARCHIVES Kerala Legislative Assembly